ഗുണ്ടൽപേട്ടിലെ ഉള്ളിപ്പാടത്ത് ജോലി ചെയ്യുന്ന സ്ത്രീകൾ.

മഴ ശക്തമായി; ഗുണ്ടൽപേട്ടിൽ ചെറിയ ഉള്ളി വിളവെടുപ്പ് സജീവമായി

സുൽത്താൻ ബത്തേരി: മഴ ശക്തമായതോടെ കർണാടക ഗുണ്ടൽപേട്ടിൽ ചെറിയ ഉള്ളി വിളവെടുപ്പ് സജീവം. മഴകാരണം ഉള്ളി ചീഞ്ഞുനശിക്കുന്നതും ഉണക്കി സൂക്ഷിക്കാൻ കഴിയാത്തതുമാണ് മൂപ്പെത്തുന്നതിനു മുമ്പുള്ള വിളവെടുപ്പിനു കാരണം.

ഗുണ്ടൽപേട്ടിൽ വിളവെടുപ്പ് ആരംഭിച്ചതോടെ വയനാട്ടിലടക്കം ചെറിയ ഉള്ളി വില കുറഞ്ഞു. മലബാർ മേഖലയിൽ ചെറിയ ഉള്ളി അടക്കം പച്ചക്കറികൾ കൂടുതൽ എത്തുന്നത് ഗുണ്ടൽപേട്ടിലെ കൃഷിയിടങ്ങളിൽനിന്നാണ്.

ജില്ലയിൽ പലേടത്തും ഗുഡ്സ് ഓട്ടോറിക്ഷകളിലും ഫുട്പാത്തുകളോടു ചേർന്നും ചെറിയ ഉള്ളി വിൽപന തകൃതിയിലാണ്. കിലോഗ്രാമിന് 50 രൂപ നിരക്കിലാണ് കച്ചവടം. തമിഴ്നാട്ടിൽനിന്നെത്തുന്ന ചെറിയ ഉള്ളി കിലോഗ്രാമിനു 80-100 രൂപയാണ് വില. ഈ വർഷം ഗുണ്ടൽപേട്ടിൽ ഉള്ളി ഉത്പാദനം കൂടുതലാണ്.

കുട്ടിയാനയെ രക്ഷിക്കാനെത്തിയ ഉദ്യോഗസ്ഥരെ വെട്ടിലാക്കി നാട്ടുകാരുടെ പ്രതിഷേധം

തള്ളയാനതന്നെ കുട്ടിയാനയെ കരയ്ക്കു കയറ്റി

കാലടി: കുട്ടിയാന കിണറ്റിൽ അകപ്പെട്ടതറിഞ്ഞെത്തിയ നാട്ടുകാരുടെ മണിക്കൂറുകൾ നീണ്ട പ്രതിഷേധം ഫോറസ്റ്റ്, പോലീസ് ഉദ്യോഗസ്ഥരെ വെട്ടിലാക്കി. മലയാറ്റൂർ ഇല്ലിത്തോട്ടിൽ പണ്ടാല സാജുവിന്റെ പറമ്പിലെ കിണറ്റിലാണ് ഇന്നലെ പുലർച്ചെ ആനക്കുട്ടി വീണത്. ഇതറിഞ്ഞ് കാലടി പോലീസും വനംവകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തിയെങ്കിലും മണിക്കൂറുകൾ നീണ്ട പരിശ്രമത്തിനൊടുവിൽ കിണറിന്റെ സൈഡ് ഇടിച്ച്, തള്ളയാന തന്നെ കുട്ടിയാനയെ കരയ്ക്കു കയറ്റി. കിണറിന് വലിയ ആഴമില്ലാതിരുന്നതിനാൽ കാര്യങ്ങൾ എളുപ്പമായി. ഈ സമയമത്രയും കാട്ടാനക്കൂട്ടം ഇവിടെ നിലയുറപ്പിച്ചിരുന്നു.

കുട്ടിയാന ആനക്കൂട്ടത്തോടൊപ്പം വനത്തിലേക്കു കയറിപ്പോയെങ്കിലും തടിച്ചുകൂടിയ നാട്ടുകാർ പിരിഞ്ഞുപോകാതെ പ്രതിഷേധം തുടർന്നത് ഉദ്യോഗസ്ഥർക്ക് തലവേദനയായി. മാസങ്ങളായി ജനവാസമേഖലയിൽ വന്യമൃഗങ്ങൾ ഉണ്ടാക്കുന്ന നാശനഷ്ടം അധികൃതരുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും യാതൊരു നടപടിയും ഉണ്ടാകുന്നില്ലെന്ന് ചൂണ്ടിക്കാട്ടി പഞ്ചായത്ത് പ്രസിഡന്റ് വിൽസൺ കോയിക്കരയുടെ നേതൃത്വത്തിലാണു പ്രതിഷേധം കടുപ്പിച്ചത്.

ജില്ലാ കളക്ടർ സ്ഥലത്തെത്തി ആവശ്യമായ നടപടികൾ സ്വീകരിക്കണമെന്നായിരുന്നു ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും ആവശ്യം. ഉച്ചയോടെ സബ് കളക്ടർ കെ.എം.മീര സ്ഥലത്തെത്തി.

ആനയുൾപ്പെടെയുള്ള വന്യജീവികൾ നാട്ടിലേക്കിറങ്ങി നാശമുണ്ടാക്കാതിരിക്കാൻ വേലി സ്ഥാപിക്കുക, ആനകൾ കടന്നുവരുന്ന മൂന്ന് പാലങ്ങൾക്കു സമീപവും കിടങ്ങ് കഴിക്കുക, ചെക്ക് പോസ്റ്റ് മുതൽ ഇല്ലിത്തോട് വരെ അടിക്കാട് വെട്ടിമാറ്റുക, നിലവിൽ മൂന്നു പേരുള്ള ഫോറസ്റ്റ് വാച്ചർമാരുടെയെണ്ണം ആറായി വർധിപ്പിക്കുക, വന്യമൃഗങ്ങളുടെ ആക്രമണമുണ്ടായാൽ 24 മണിക്കൂറും സഹായം കിട്ടത്തക്ക സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ ആവശ്യങ്ങൾ പ്രതിഷേധക്കാർ സബ് കളക്ടറുടെ മുന്നിൽ വച്ചു. ഇവയെല്ലാം അനുഭാവപൂർവം പരിഗണിക്കാമെന്നും നടപടിയുണ്ടാക്കാമെന്നും ഉറപ്പ് നൽകിയതിനെത്തുടർന്നാണു സമരക്കാർ പിരിഞ്ഞത്.

അങ്കമാലി നിയോജക മണ്ഡലത്തിലെ ഇല്ലിത്തോട്, പാണ്ടുപാറ, അയ്യമ്പുഴ തുടങ്ങിയ മലയോര, പ്ലാന്റേഷൻ പ്രദേശങ്ങളിലെല്ലാം കാലങ്ങളായി വന്യജീവികളുടെ ആക്രമണമുണ്ടാകുന്നുണ്ട്. കഴിഞ്ഞ ദിവസം പ്ലാന്റേഷനിൽ ഒരു റേഷൻ കടയ്ക്കു നേരേയും ആനയുടെ ആക്രമണമുണ്ടായി.

എൽഡിഎഫ് വോട്ടുകൾ ചോർന്നത് ബിജെപിക്ക് ഗുണകരമായി: എം.വി. ഗോവിന്ദൻ

കോഴിക്കോട്: ഇക്കഴിഞ്ഞ ലോക്സഭാ തെരഞ്ഞെടുപ്പിൽ സംസ്ഥാനത്ത് പലയിടത്തും എൽഡിഎഫ് വോട്ടുകൾ ചോർന്നുവെന്നും അതു ബിജെപിക്ക് അനുകൂലമായിയെന്നും സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. കെഎസ്കെടിയു കോഴിക്കോട് ജില്ലാ സമ്മേളനം മാവൂരിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദേഹം. ഇപ്രാവശ്യം പല ഘടകങ്ങളും എൽഡിഎഫിന് അനുകൂലമായിരുന്നില്ല. മലബാറിലെ മുസ്ലിം വോട്ട് ഏകീകരണം ദൂരവ്യാപക പ്രത്യാഘാതം ഉണ്ടാക്കുമെന്നും അദ്ദേഹം പറഞ്ഞു. പ്രബലമായി പ്രവർത്തിക്കുന്ന ന്യൂനപക്ഷ വർഗീയ പ്രസ്ഥാനങ്ങൾ മലബാറിലുണ്ട്. ജമാഅത്തെ ഇസ്ലാമിയുടെ വനിതകൾ നന്നായി ജനങ്ങളുമായി ചേർന്നു പ്രവർത്തിക്കാൻ കഴിവുള്ള വരാണ്. അവർ യുഡിഎഫുമായി ചേർന്നു പ്രവർത്തിച്ചത് മലബാറിൽ യുഡിഎഫിന് നേട്ടമായെന്നും ഗോവിന്ദൻ പറഞ്ഞു.

ഈ പുസ്തകം വായിക്കണമെങ്കിൽ കണ്ണടയല്ല, കണ്ണാടി വേണം

ലോകത്ത് ആദ്യത്തെ മിറർ നോവലെന്നു രചയിതാവ്

സ്വന്തം ലേഖകൻ

തൃശൂർ: പുസ്തകം വായിക്കാൻ കണ്ണട വേണം പലർക്കുമെങ്കിലും പുസ്തകം വായിക്കാൻ കണ്ണാടി വേണമെന്ന് ആരും കേട്ടിട്ടുണ്ടാവില്ല. ലോകത്താദ്യമായി കണ്ണാടിയിലൂടെ മാത്രം വായിക്കാൻ കഴിയുന്ന കണ്ണാടി നോവൽ തൃശൂർ സ്വദേശി ആറ്റൂർ സന്തോഷ്കുമാർ തയാറാക്കിക്കഴിഞ്ഞു.

'അക്ഷരമുഖി- അദ്ഭുതക്കണ്ണാടിയിലെ അക്ഷരങ്ങൾ' എന്നാണ് പുസ്തകത്തിന്റെ പേര്. കവർമുതൽ തുടങ്ങുന്നു വ്യത്യസ്തത. തലതിരിഞ്ഞ, വായിക്കാൻ പറ്റാത്ത പുസ്തകമെന്ന് ഒറ്റനോട്ടത്തിൽ തോന്നാം. എന്നാൽ ഒരു കണ്ണാടിക്കുമുന്നിൽ പിടിച്ചാൽ വളരെ എളുപ്പത്തിൽ സാധാരണ പുസ്തകം വായിക്കുംപോലെ വായിച്ചുപോകാൻ സാധിക്കും.

ലോകത്തിലെ ഏറ്റവും ചെറിയ രാമായണം രചിച്ച ആറ്റൂർ സന്തോഷ്കുമാറിന്റെ പുതിയ വിസ്മയരചനയാണീ കണ്ണാടി നോവൽ. പുസ്തകത്തിനൊപ്പം കണ്ണാടിയും വായനക്കാരനു ലഭിക്കും. റിവേഴ്സ് പ്രിന്റിംഗ് നടത്തിയ അക്ഷരങ്ങൾക്കുമുകളിൽ ഈ കണ്ണാടി വച്ചാൽ അക്ഷരം ശരിയായി തെളിയും. ലോകത്ത് ഇതുവരെയും ഇത്തരത്തിൽ ഒരു നോവൽ പുസ്തകരൂപത്തിൽ ആരും ഇറക്കിയിട്ടില്ലെന്ന് സന്തോഷ്കുമാർ അവകാശപ്പെട്ടു.

ആറ്റൂർ സന്തോഷ്കുമാർ

കഴിഞ്ഞ ഒരു വർഷത്തിലധികമായി ഈ പുസ്തകത്തിന്റെ പണിപ്പുരയിലാണ് സന്തോഷ്കുമാർ. 84 പേജുകളുള്ള ഈ മിറൽ നോവൽ ബാലസാഹിത്യ സയൻസ് ഫിക്ഷനാണ്. മിറൽ നോവലിന്റെ പ്രകാശനം 14ന് ഉച്ചകഴിഞ്ഞു മൂന്നിന് തൃശൂർ സാഹിത്യ അക്കാദമി വൈലോപ്പിള്ളി ഹാളിൽ നടക്കും.

ചെറിയ രാമായണപുസ്തകം നാലു ഭാഷകളിലേക്കു തർജമ ചെയ്തു പുറത്തിറക്കാനുള്ള പണികളും ഇതോടൊപ്പം സന്തോഷ്കുമാർ നടത്തുന്നുണ്ട്.

കണ്ണാടിനോവലായ 'അക്ഷരമുഖി- അദ്ഭുതക്കണ്ണാടിയിലെ അക്ഷരങ്ങൾ' എന്ന പുസ്തകം.

മനു തോമസ്-പി. ജയരാജൻ വാഗ്വിവാദം

പി. ജയരാജന്റെ മകന്റെ മാനനഷ്ടക്കേസിന് കോടതി നോട്ടീസയച്ചു

തലശേരി: സിപിഎം മുൻ ജില്ലാ കമ്മറ്റിയംഗവും ഡിവൈഎഫ്ഐ മുൻ ജില്ലാ പ്രസിഡന്റുമായ മനു തോമസിനെതിരേ സിപിഎം സംസ്ഥാന കമ്മറ്റിയംഗവും ഖാദി ബോർഡ് വൈസ് ചെയർമാനുമായ പി. ജയരാജന്റെ മകൻ ജയിൻ രാജ് മാനനഷ്ടക്കേസ് ഫയൽ ചെയ്തു. മനു തോമസ്, ഏഷ്യാനെറ്റ് ന്യൂസ്, ഏഷ്യാനെറ്റ് ന്യൂസ് അവതാരകൻ അനൂപ് ബാലചന്ദ്രൻ എന്നിവരെ പ്രതി ചേർത്ത് ലോയേഴ്സ് യൂണിയൻ നേതാവു കൂടിയായ അഡ്വ. കെ. വിശ്വൻ മുഖാന്തരം തലശേരി അഡീഷണൽ ചീഫ് ജുഡീഷൽ മജിസ്ട്രേറ്റ് കോടതിയിലാണ് ഹർജി ഫയൽ ചെയ്തത്. ഹർജി ഫയലിൽ സ്വീകരിച്ച ചീഫ് ജുഡീഷൽ മജിസ്ട്രേറ്റ് മനു തോമസ്, ഏഷ്യാനെറ്റ് ന്യൂസ്, ഏഷ്യാനെറ്റ് ന്യൂസ് അവതാരകൻ അനൂപ് ബാലചന്ദ്രൻ എന്നിവർക്ക് നോട്ടീസയക്കാൻ തീരുമാനിച്ചു. ഭാരതീയ ന്യായ സംഹിത 356-ാം വകുപ്പ് പ്രകാരമുള്ള തലശേരി കോടതിയിലെ ആദ്യ മാനനഷ്ടക്കേസ് കൂടിയാണിത്.

ജയിൻ രാജിനെതിരേ സ്വർണം പൊട്ടിക്കൽ സംഘത്തിന്റെ കോ-ഓർഡിനേറ്റർ, ജയരാജന്റെ മകന് ക്വട്ടേഷൻ സംഘവുമായി ബന്ധം, റെഡ് ആർമിക്കു പിന്നിൽ പി. ജയരാജന്റെ മകൻ, ഇവർക്കു വഴിവിട്ട ബന്ധം എന്നീ ആരോപണങ്ങളാണ് മനു തോമസ് ഉന്നയിച്ചിട്ടുള്ളതെന്നും ഈ ആരോപണങ്ങൾ അടിസ്ഥാന രഹിതമാണെന്നും സംഭവത്തിൽ കുറ്റകരമായ ഗൂഢാലോചന നടന്നിട്ടുണ്ടെന്നും ഹർജിയിൽ പറയുന്നു. സിപിഎം സംസ്ഥാന കമ്മിറ്റിയംഗമായ ജയിന്റെ പിതാവിനോടുള്ള വിരോധം തീർക്കാനാണ് അടിസ്ഥാന രഹിതമായ ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളത്.

വാർത്ത പിൻവലിച്ച് എതിർകക്ഷികളായ മൂന്നുപേരും 50 ലക്ഷം രൂപ വീതം നഷ്ടപരിഹാരം നൽകണമെന്ന് കാണിച്ച് ജെയിൻ രാജ് പ്രതികൾക്ക് രജിസ്ട്രേഡായി നോട്ടീസ് നൽകുകയും ഇ -മെയിൽ അയയ്ക്കുകയും ചെയ്തിരുന്നു. ഇതിന് മറുപടി ലഭിക്കാത്തതിനെ തുടർന്നാണ് കേസ് ഫയൽ ചെയ്യുന്നതെന്നും പ്രതികൾക്കെതിരേ നിയമപ്രകാരം നടപടി സ്വീകരിക്കണമെന്നും ഹർജിയിൽ പറയുന്നു.

സ്വകാര്യ ഫാർമസിസ്റ്റ്സ് അസോസിയേഷൻ സംസ്ഥാന കൺവൻഷൻ എം.കെ. രാഘവൻ എംപി ഉദ്ഘാടനം ചെയ്യുന്നു.

അവഗണിക്കപ്പെടുന്ന ഫാർമസിസ്റ്റുകളുടെ പ്രശ്നങ്ങൾ ലോക്സഭയിൽ അവതരിപ്പിക്കും: എം.കെ. രാഘവൻ

കോഴിക്കോട്: ആരോഗ്യ മേഖലയിൽ രോഗപ്രതിരോധ പ്രവർത്തനത്തിലടക്കം അംഗീകൃത ഫാർസിസ്റ്റുകളെ അവഗണിക്കപ്പെടുന്ന രീതി ലോക്സഭയിൽ ഉന്നയിക്കുമെന്ന് എം.കെ. രാഘവൻ എംപി. സ്വകാര്യ ഫാർമസിസ്റ്റ്സ് അസോസിയേഷൻ സംസ്ഥാന കൺവൻഷൻ കോഴിക്കോട് നളന്ദ ഓഡിറ്റോറിയത്തിൽ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

ജീവൻരക്ഷാ മരുന്ന് കൈകാര്യം ചെയ്യുന്ന നിരവധി രജിസ്ട്രേഡ് ഫാർസിസ്റ്റുമാർ കേരളത്തിൽ മാത്രമുണ്ട്. ജീവിത ശൈലീ രോഗികളുടെ മരുന്ന് വിതരണം, ദുരിതാശ്വാസ മേഖലയിലെ സേവനം എന്നിവിടങ്ങളിൽ ഫാർമസിസ്റ്റുകൾ സേവന പ്രവർത്തനത്തിന് തയാറായിട്ടും സർക്കാർ ഈ വിഭാഗത്തെ അവഗണിക്കുകയാണ്. പാശ്ചാത്യരാജ്യങ്ങളിലും വിദേശ രാജ്യങ്ങളിലും വലിയ പരിഗണനയാണ് ഫാർമസിസ്റ്റുകൾക്ക് ലഭിക്കുന്നത്. ഇവിടെ വിദ്യാഭ്യാസ യോഗ്യതക്ക് അനുസരിച്ചുള്ള പരിഗണന ഫാർമസിസ്റ്റുകൾക്ക് ലഭിക്കുന്നില്ലെന്നും അദ്ദേഹം കുറ്റപ്പെടുത്തി.

കെപിപിഎ സംസ്ഥാന പ്രസിഡന്റ് ഗലീലിയോ ജോർജ് അധ്യക്ഷനായി. ഫാർമസി കൗൺസിൽ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം വി.ജെ. റിയാസ്, കൗൺസിൽ അംഗങ്ങളായ ടി.ആർ. ദിലീപ്കുമാർ, കെ.പി. സണ്ണി, എ. ജാസ്മിമോൾ, ടി.വി. നവജി, ചെറിയന്നൂർ രാജീവ്, കെ. ലീന മലപ്പുറം, ജയൻ കോറോത്ത്, പി.പി. അനിൽ കുമാർ എന്നിവർ പ്രസംഗിച്ചു.

എൽഡിഎഫ് വോട്ടുകൾ ചോർന്നത് ബിജെപിക്ക് ഗുണകരമായി: എം.വി. ഗോവിന്ദൻ

ദീപിക ക്ലാസിഫൈഡ്സ്
for Online Classified Advertisments
visit.: www.deepikaclassifieds.com

ഹോം നഴ്സിംഗ്
പരിചയമുള്ള രോഗീപരിചരണം, വീട്ടുജോലി, പ്രസവശുശ്രൂഷ (സ്ത്രീ/പുരുഷൻ) വേതനം: 14000-30000 Rs). ദിവസവേതനത്തിൽ ബൈസ്റ്റാൻ ഡറെ ലഭിക്കുന്നതിന്.
വെസ്റ്റേൺ, തൊടുപുഴ, മുട്ടം
04862-255326, 9446813356, 9388810095
K2407-534861

മദ്യപാനത്തിന് സുരക്ഷിതമായ ആയുർവേദ ചികിത്സ ലഭ്യമാണ്.
Nava Care Ayurveda
Edappally
9447114567
K2406-533345

നഴ്സിംഗ്, ലാബ്, എക്സ്-റേ & സി.റ്റി. സ്കാൻ
പഠനാനന്തരം പ്രമുഖ ആശുപത്രികളിൽ 6000 - 7000 രൂപ വരെ സ്റ്റൈപ്പന്റോടുകൂടി പരിശീലനവും ജോലിയും ലഭിക്കുന്ന ബി.എസ്.എസ്. അംഗീകൃത കോഴ്സുകളിലേക്ക് അഡ്മിഷൻ തുടരുന്നു. ഹോസ്റ്റൽ സൗകര്യം.
സെന്റ് മേരീസ് ഇൻസ്റ്റിറ്റ്യൂട്ട് പള്ളിക്കവല, കുറവിലങ്ങാട് കോട്ടയം - 686633
Ph: 94474 09728
85908 67309
83049 22726
K2405-530831

EL SOL POWER SOLUTIONS PVT LTD
78000 രൂപ ഗവൺമെന്റ് സബ്സിഡിയോടുകൂടി സോളാർ സ്ഥാപിക്കാം. കേരളത്തിൽ ഏറ്റവും കൂടുതൽ MNRE സബ്സിഡി പ്രോജക്ട് ചെയ്ത് പരിചയം.
കഴിഞ്ഞ 7 വർഷമായി, 2500 ന് മുകളിൽ കസ്റ്റമേഴ്സും തിരുവനന്തപുരം, കൊല്ലം, കോട്ടയം,എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നിവിടങ്ങളിൽ ഓഫിസും.
7902222947, 7902222878
K2406-533090

Providing the best Wedding Cards FROM OUR WIDE RANGE OF COLLECTIONS
Valavi & Co.
Near Market Bridge Broadway, Ernakulam Ph: 0484 235 3765 9074885863 Mail: brovalavi@gmail.com
Valavi Cards
Valavi Towers, Providence Road, Ernakulam, Cochin-18 Ph: 0484 2393018, 8281506620 Email: valavice@gmail.com www. valavi.com
E2405-531277

RAJAGIRI VISWAJYOTHI COLLEGE OF ARTS & APPLIED SCIENCES
VENGOOR, PERUMBAVOOR
UG HONOURS PROGRAMMES
3 Year Degree/ 4 Year Honours
MAJORS
B.Com (Hons.)
Batch 1: Finance & Taxation/ Accounting with ACCA 9 paper exemption
Batch 2 Finance & Taxation/Financial Market
Batch 3 Logistics Management/ Marketing
BA.English (Hons.)
Media Studies, Film Studies
BSc.Psychology(Hons.)
BSW(Hons.) *
AICTE Approved MGU-UGP
BBA (Hons.) with Digital Marketing
BCA (Hons.) with AI & Robotic
MINORS
• Journalism & Communication
• Clinical Nutrition & dietetics
• Commerce
• Computer Application
• English
• Fitness Management
• Library & Information Science
• Multimedia • Social Work
• Psychology • Statistics
0484-2644777
+91 9048056118
admissions@rajagiriviswajyothi.org
www.rajagiriviswajyothi.org
E2406-533270

കൃപ ഹോം നേഴ്സിംഗ്
രോഗീപരിചരണം (M/F), ശിശുസംരക്ഷണം, വീട്ടുജോലി, പ്രസവശുശ്രൂഷ, ഹോസ്പിറ്റൽ ബൈസ്റ്റാൻഡർ, കോവിഡ് ഡ്യൂട്ടി എന്നീ ജോലികൾക്ക് ജോലിക്കാരെ വേണ്ടവരും ജോലി വേണ്ടവരും വിളിക്കുക.
കൃപ ഹോം നേഴ്സിംഗ്, മുട്ടം
Ph: 7902857211
9746518466
K240529311

മരിയ സെപ്റ്റിക് ടാങ്ക് ക്ലീനിങ്
7560840085
ബ്ലോക്ക്, മെയിന്റനൻസ് ജില്ലയിൽ എവിടെയും പകലും വ്യത്തിയാക്കുന്നു
9633410797
E2406-531169

കേരള സർക്കാർ ദർഘാസുകൾ
ജലഗതാഗത വകുപ്പ്
വിൻഡോ നം : iprd 24/m 178 • ദർഘാസ് നം : 29/സി5/24-25, 32/സി5/24-25• ഡയറക്ടർ, സംസ്ഥാന ജലഗതാഗത വകുപ്പ് ഡയറക്ടറേറ്റ്, ആലപ്പുഴ-688011, ഫോൺ-0477- 2252015 • ദർഘാസ് - Welding Machineries & Accessories, Rope Items വിതരണം ചെയ്യുന്നതിന് • ദർഘാസ് ഫോറത്തിന്റെ വില : 472/- (incl GST) വരെ• നിരതദ്രവ്യം : 1500/-,2000/- • ഫോറം വിൽക്കുന്ന അവസാന തീയതി : 05/08/2024, 1 മണി • ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : 05/08/2024, 3 മണി • അടങ്കൽ : 3 ,25,000/-
വ്യാവസായിക പരിശീലന വകുപ്പ്
വിൻഡോ നം: iprd 24/m 179 • ദർഘാസ് നം.ITI-CGNR/254/2023-A6 • പ്രിൻസിപ്പാൾ, গവ.ഐ.ടി.ഐ, ചെങ്ങന്നൂർ, ആങ്ങാട്ടിക്കൽ പി.ഒ, ആലപ്പുഴ-689122, ഫോൺ-0479-2452210 • പുനർ ദർഘാസ് - പ്ലംബർ ട്രേഡിലേക്ക് Consumables വിതരണം ചെയ്യുന്നതിന് • ദർഘാസ് ഫോർത്തിന്റെ വില : 472/- • നിരതദ്രവ്യം : 1500/- • ഫോറം വിൽക്കുന്ന അവസാന തീയതി : 20/07/2024, 12 മണി • ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി : 20/07/2024, 3 മണി • അടങ്കൽ: 1,09,000/-.
ഒരോ ദർഘാസ് പരസ്യത്തിന്റെയും പൂർണരൂപം അതത് ഓഫീസുകളിൽ ലഭ്യമാണ്. വിശദവിവരങ്ങൾക്ക് notice board.kerala.gov.in/tenderസന്ദർശിക്കുക.
R.O. No. 104/G2/2024/PRD.
R2407-535415

വീട്, സ്ഥലം ആവശ്യമുണ്ട്
KERALA's NO.1 റിയൽ എസ്റ്റേറ്റ് പോർട്ടലായ realkairali.comന് വിദേശ മലയാളികൾക്കായി സ്ഥലങ്ങൾ, വീടുകൾ, വില്ല, ഫ്ളാറ്റ്, ബിൽഡിങ്, എസ്റ്റേറ്റ് ഇടനിലക്കാരില്ലാതെ ആവശ്യമുണ്ട്.
9946 33 24 24
z2406-532656

HDFC BANK
രജി. ഓഫീസ് എച്ച്.ഡി.എഫ്.സി. ബാങ്ക് ഹൗസ്, സേനാപതി, ബപത് മാർഗ്, ലോവർ പരേൽ, മുംബൈ
സ്വർണ്ണാഭരണങ്ങളുടെ ലേല നോട്ടീസ്
താഴെപ്പറയുന്ന അക്കൗണ്ടുകളിൽ പണയം വച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ / പണയവസ്തുക്കൾ പൊതുലേലത്തിലൂടെ വിൽപന നടത്തുവാൻ വായ്പക്കാർക്ക് പ്രത്യേകിച്ചും പൊതുജനങ്ങൾക്ക് പൊതുവായി അറിയിക്കുന്നു. വായ്പാ കുടിശ്ശിക തീർക്കാൻ എച്ച്ഡിഎഫ്സി ബാങ്ക് നോട്ടീസ് നൽകിയിട്ടും അവർ ഒപ്പിട്ടതും അംഗീകരിച്ചതുമായ വായ്പാ കരാറിന്റെ നിബന്ധനകൾ അനുസരിച്ച് പണം അടയ്ക്കുവാൻ വീഴ്ച വരുത്തിയതായ വായ്പക്കാരുടെ സ്വർണ്ണാഭരണങ്ങൾ / പണയവസ്തുക്കൾ ആണ് ലേലം ചെയ്യുന്നത്. താഴെ പറയുന്ന അക്കൗണ്ടുകളിലെ കുടിശ്ശിക തീർക്കാൻ വായ്പ എടുത്തവർക്ക് ബാങ്ക് 7 ദിവസം സമയം നൽകി നോട്ടീസ് നൽകിയിരുന്നു. ഇതിൽ വീഴ്ച വരുത്തുന്ന പക്ഷം പണയം വച്ചിരിക്കുന്ന സ്വർണ്ണാഭരണങ്ങൾ / പണയവസ്തുക്കൾ ലേലത്തിൽ വയ്ക്കുവാൻ ബാങ്കിന് പൂർണ്ണ സ്വാതന്ത്ര്യം ഉള്ളതാകുന്നു. വായ്പ എടുത്തവർ പണമടക്കുന്നത് അവഗണിക്കുകയും വീഴ്ചവരുത്തുകയും ചെയ്തതിനാൽ വായ്പാ ഉടമ്പടി പ്രകാരം ബാങ്ക് തങ്ങളിൽ നിക്ഷിപ്തമായിരിക്കുന്ന അധികാരങ്ങൾ വിനിയോഗിച്ച് വായ്പ എടുത്തവർ ബാങ്കിന് തിരികെ നൽകുവാനുള്ള കുടിശ്ശിക മുഴുവൻ സ്വർണ്ണാഭരണങ്ങളും/പണയവസ്തുക്കളും പൊതുലേലം വഴി വിൽപന നടത്തി കുടിശ്ശിക വീണ്ടെടുക്കുവാൻ തീരുമാനിച്ചിരിക്കുന്നു. ലേലം താഴെ പറയുന്ന ബ്രാഞ്ചുകളിൽ വച്ച് പട്ടികയിൽ പ്രതിപാദിച്ചിരിക്കുന്നതുപോലെ ആയിരിക്കും നടത്തപ്പെടുക. താഴെ കൊടുത്തിരിക്കുന്ന തീയതിയിൽ മറ്റേതെങ്കിലും പണയ ഉരുപടികൾ ലേലത്തിൽ ഉൾപ്പെടുത്തുന്നതല്ല. ലേലം നടത്തുന്നതിനോ മറ്റൊരു തീയതിയിലേക്ക് മാറ്റിവയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനോ ഉള്ള അധികാരം ബാങ്കിൽ നിക്ഷിപ്തമാണ്.

ലോൺ നമ്പർ : 73418178	വായ്പാക്കാരുടെ പേര് : ശ്രീകുട്ടൻ പടിക്കേരി	വായ്പാ തീയതി: 15 ഫെബ്രുവരി 2022
കുടിശ്ശിക തുക: രൂ. 16927.00	ലേല സ്ഥലം : 0684 - കാക്കനാട്, കൊച്ചി	ലേല തീയതി: 25 ജൂലൈ 2024, 12.00 PM
ലോൺ നമ്പർ : 73839698	വായ്പാക്കാരുടെ പേര് : മുഹമ്മദ് ഷഫീഖ് ടി കെ	വായ്പാ തീയതി: 30 നവംബർ 2022
കുടിശ്ശിക തുക: രൂ. 68779.00	ലേല സ്ഥലം : 6249 - കാസർഗോഡ് ടൗൺ	ലേല തീയതി : 25 ജൂലൈ 2024, 12.00 PM

തൂക്കത്തിലോ മൂല്യത്തിലോ വാഗ്ദാനങ്ങൾ ഒന്നും നൽകുന്നില്ല. വാങ്ങുവാൻ താല്പര്യമുള്ള വ്യക്തികൾ ടെണ്ടറുകൾ സമർപ്പിക്കുന്നതിന് മുൻപായി അവരുടെ സ്വന്തം ഉത്തരവാദിത്വത്തിലും, ചിലവിലും, സ്വർണ്ണാഭരണങ്ങളുടെ പരിശോധനയും ഗുണനിലവയും പൂജരറ്റിയും, കാരറ്റ് , തൂക്കം, മൂല്യം എന്നിവ മുകളിൽ പറഞ്ഞിരിക്കുന്ന സ്ഥലത്ത് വച്ച് ലേലസമയത്തിന് 45 മിനിട്ട് മുൻപ് ഈ വിഷയത്തിൽ പ്രാവിണ്യമുള്ളവരുമായൊ അല്ലാതെയോ വന്ന് പരിശോധന നടത്താവുന്നതാണ്. ഓരോ ടെൻഡറിനും ഒപ്പം ബാങ്ക് നിശ്ചയിച്ചിരിക്കുന്ന നിരത തുക അടക്കം ചെയ്യേണ്ടതാണ്. ലേലത്തിന്റെ രീതികളും, നിബന്ധനകളും ബാങ്കിന്റെ തീരുമാനത്തിന് വിധേയമാണ്. വായ്പാക്കാർ ലോൺ എഗ്രിമെന്റ് നിബന്ധനകൾ പ്രകാരം കുടിശ്ശിക തുക മുഴുവനായും ലേലതീയതിക്ക് മുമ്പ് അടച്ച് തീർത്താൽ പണയപെടുത്തിയിരിക്കുന്ന ആഭരണങ്ങളുടെ ലേലം മുൻകൂട്ടി അറിയിക്കാതെ തന്നെ റദ്ദാക്കപ്പെടുന്നതാണ്. ബാങ്കിന്റെ അധികാരപെടുത്തിയ ഉദ്യോഗസ്ഥന് ലേല നടപടികൾ മുൻകൂട്ടി നോട്ടീസ് നൽകാതെ തന്നെ പൂർണ്ണമായൊ, ഭാഗികമായൊ നിർത്തിവെക്കുന്നതിനോ, നീട്ടിവെക്കുന്നതിനോ, അധികാരമുണ്ടായിരിക്കുന്നതാണ്.

ഒപ്പ്
അധികാരപ്പെടുത്തിയ ഉദ്യോഗസ്ഥൻ, എച്ച്. ഡി. എഫ്. സി. ബാങ്ക് ലിമിറ്റഡ്
തീയതി : 11-07-2024, സ്ഥലം : കൊച്ചിൻ
E2407-535446

നഷ്ടപ്പെട്ടു
MARCH 1994 വർഷത്തെ 57782 രജിസ്റ്റർ നമ്പറിലുള്ള എന്റെ SECONDARY SCHOOL LEAVING CERTIFICATE (SSLC) വീണ്ടെടുക്കാൻ പറ്റാത്ത വിധം കൈമോശം വന്നിരിക്കുന്ന വിവരം ഇതിനാൽ അറിയിക്കുന്നു. പ്രസ്തുത സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റ് പകർപ്പിനായി പരീക്ഷാകമ്മീഷണറുടെ സെക്രട്ടറി മുമ്പാകെ നിയമാനുസരണമുള്ള അപേക്ഷ നല്കുന്നതിന് ഞാൻ തീരുമാനിച്ചിരിക്കുന്നു. ഇതിന്മേൽ ആക്ഷേപമുള്ളവർ ഈ പരസ്യം വന്ന് 15 ദിവസത്തിനകം സെക്രട്ടറി, ബോർഡ് ഓഫ് പബ്ലിക് എക്സാമിനേഷൻസ്, പരീക്ഷാഭവൻ, പൂജപ്പുര, തിരുവനന്തപുരം എന്ന വിലാസത്തിൽ രേഖാമൂലം പരാതി നല്കേണ്ടതാണ്.
എന്ന്,
Bindu Varghese
D/o. Varghese
Molayil (H)
Chettiamparamba
Kannur District.
C2407-535456

CHANGE OF NAME
I, Shinamma, holder of Indian Passport No.W1484709 do hereby changed my name as SHINAMMA THOMAS. This change will effect in all of my future records.
SHINAMMA THOMAS
Vattukalam